(ഡി) കണ്ണംകെട്ടിശ്ശേരി യു. പി. സ്കൂൾ സ്ഥിതിചെയ്യുന്നതു് വൈക്കം ഗവണ്മെൻറു് ഹൈസ്കൂൾ, വൈക്കം, എസ്. എം. എസ്. എൻ. ഹൈസ്കൂൾ, വൈക്കം ലിറ്റിൽ തേരേസിയാസു് ഗേൾസു് ഹൈസ്കൂൾ എന്നിവയിൽനിന്നും ഏകദേശം രണ്ടര മൈൽ അകലെയാണു്. വെച്ചൂർ ദേവിവിലാസം യു. പി. സ്കൂൾ സ്ഥിതിചെയ്യുന്നതു് വെച്ചൂർ എൻ. എസ്. എസ്. ഹൈസ്കൂളിൽനിന്നും ഏകദേശം രണ്ടര മൈൽ അകലെയാണു്.

(ഈ) പരിഗണിക്കുന്നതാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ഗവണ്മെൻറു് സ്കൂളുകൾ അപ്ഗ്രേഡു് ചെയ്യുന്നതിനു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറാണോ നടപടി എടുക്കുന്നതു് ; അതോ പ്രാദേശികമായി ജനങ്ങൾ പണം കെട്ടിവയ്ക്കുകയോ മറ്റൊ വേണോ?

ശ്രീ. ആർ. ശങ്കർ : സാധാരണയായി സ്കൂളുകൾ അപ്ഗ്രേഡു് ചെയ്യുന്നതിനും ആളുകൾ സംഘടിതമായി സ്പോൺസറിംഗു് കമ്മറ്റിയുണ്ടാക്കി ആവശ്യമാണെങ്കിൽ സ്ഥലം നൽകുകയൊ, കെട്ടിടം ഉണ്ടാക്കിക്കൊടുക്കുകയൊ, അല്ലെങ്കിൽ കെട്ടിടം കെട്ടുന്നതിനു് പണം കൊടുക്കാമെന്നു വാഗ്ദാനംചെയ്യുകയൊ ഒക്കെ ചെയ്യുന്ന പതിവുണ്ടു്. അങ്ങനെ ചെയ്യുന്ന സ്ഥലങ്ങൾക്കു് ഒരു പ്രത്യേക പരിഗണനയുമുണ്ടു്. ഇതൊന്നും ഇല്ലെങ്കിൽ തന്നെയും ഒരു സ്കൂൾ ഒരു സ്ഥലത്തു് അവശ്യം ഉണ്ടായേ തീരു എന്നു ഗവണ്മെൻറിനു ബോദ്ധ്യമായാൽ ഗവണ്മെൻറു തന്നെ അതിനുള്ള നടപടികൾ എടുക്കും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കളമശ്ശേരിയിലുള്ള യു. പി. സ്കൂൾ ഇക്കൊല്ലംതന്നെ ഹൈസ്കൂൾ ആക്കുമോ?

ശ്രീ. ആർ. ശങ്കർ : പുതിയ സ്കൂളുകൾ അനുവദിക്കുന്ന കാര്യം വരുമ്പോൾ ഇക്കാര്യവും ആലോചിക്കുന്നതാണു്.

പയലറ്റു് പ്രോജക്ടുകൾ

* 882. [24] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗക്കാരെ പുനരധിവസിപ്പിക്കാനുള്ള എത്ര പയലറ്റു പ്രോജക്ടുകൾ ഈ സ്റ്റേറ്റിൽ ആരംഭിച്ചിട്ടുണ്ടു് ; ഓരോന്നിൻറെയും പേരെന്തു് ;

(ബി) ഈ പ്രോജക്ടുകളിലോരോന്നിലും അവക്കു നൽകിയ ആനുകൂല്യങ്ങൾ ഏവ ;

(സി) ഈ പ്രോജക്ടുകൾ ആരംഭിച്ചതെന്നാണു് ;

(ഡി) ഓരോ പ്രോജക്ടിലും നടപ്പിലാക്കിയ പദ്ധതികൾ ഏവ : എല്ലാ പദ്ധതികളും നടപ്പിലാക്കിക്കഴിഞ്ഞൊ ; ഇല്ലെങ്കിൽ അതിനുള്ള കാരണം മെന്തു് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) നാലു പ്രോജക്ടുകൾ.

പൈലറ്റു് സ്കീം	ഇടമല
,,	ചമ്പക്കാടു്
,,	കുരിയാറ്റുകുടി
,,	മുക്കാളി

(ബി). വിശദവിവരങ്ങൾ അടങ്ങുന്ന സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(സി) ഇടമല, ചമ്പക്കാടു്, കുരിയാറ്റുകുടി എന്നീ പദ്ധതികൾ 1957-58 സാമ്പത്തിക വർഷത്തിലും, മുക്കാളി 1959-60 സാമ്പത്തികവർഷത്തിലുമാണു് ആരംഭിച്ചതു്.

(ഡി) വിശദവിവരങ്ങൾ അടങ്ങുന്ന സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

† Appendix V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞൻ : ഇറിഗേഷൻ സൗകര്യം ഉണ്ടാക്കാതെ മുക്കാളി പദ്ധതികൊണ്ട് യാതൊരു ഗുണവും ഉണ്ടാവുകയില്ലെന്നു മനസിലാക്കി അതിലേക്കു് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : മുക്കാളി പ്രോജക്റ്റിൽ ഇറിഗേഷൻ സൗകര്യത്തിനുവേണ്ടി ഒരു ബാന്ധയ്യൻ ചെട്ടിയാരിൽനിന്നും ഭൂമി അക്വയർ ചെയ്യുന്നതിനു് 25.000 രൂപ വച്ചിരുന്നു. ഇപ്പോഴത്തെ അതിന്റെ ആവശ്യമില്ലാത്തതുകൊണ്ടു് അതു് എടുക്കാതിരിക്കുകയാണു്. എന്നിരുന്നാലും ഇറിഗേഷന്റെ കാര്യം പ്രത്യേകമായി പരിശോധിക്കാവുന്നതാണു്.

WRITTEN ANSWERS

ഡീപ്പു് സീ ഫിഷിംഗിനുള്ള ട്രോളറുകൾ

* 883. [31] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡോനോർവീജിയൻ പ്രോജക്റ്റിൽനിന്നു് ഡീപ്പു് സീ ഫിഷിംഗിനുള്ള ട്രാളറുകൾ കേരളത്തിലെ മത്സ്യവ്യവസായികൾക്കു നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര, ആർക്കെല്ലാം ;

(സി) ഒരോ ട്രോളറിനു അനുവദിച്ചിട്ടുള്ള സബ്സിഡി എത്ര ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) നൽകിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

അദ്ധ്യാപകരുടെ സ്ഥലംമാറ്റം

* 884. [33] ശ്രീ. എസ്സ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്തെല്ലാം മാനദണ്ഡങ്ങൾവച്ചാണു് അദ്ധ്യാപകരെ സാധാരണ സ്ഥലം മാറ്റുന്നതു് ;

(ബി) അദ്ധ്യയനം തുടങ്ങിയശേഷം കുട്ടികളുടെയുള്ള അദ്ധ്യാപകരുടെ സ്ഥലംമാറ്റം ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളേയും അവരുടെ പഠിത്തത്തേയും സാരമായി ബാധിക്കുന്നുണ്ടു് എന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അദ്ധ്യാപകരുടെ സ്ഥലംമാറ്റം സ്കൂൾവർഷാരംഭത്തിൽതന്നെ ആക്കാനും അതു് കുറഞ്ഞതു് ഒരു വർഷത്തേക്കെങ്കിലും പ്രാബല്യത്തിലിരിക്കത്തക്കവണ്ണം ആക്കാനും ഗവണ്മെന്റു് ശ്രദ്ധിക്കുമോ ;

(ഡി) വൈപ്പിൻ ഹൈസ്കൂൾഹെഡ്മിസ്ട്രസ് ശ്രീമതി ജെ.മംഗീരഥി അമ്മയെ കലവൂർ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ആയി അടുത്ത കാലത്തു് സ്ഥലം മാറിയിട്ടുണ്ടോ ;

(ഈ) ഒരു മാസം തികയുന്നതിനുമുമ്പേ അവരെ സ്ഥലംമാറി കൊണ്ടുള്ള ഉത്തരവു റദ്ദുചെയ്യുകയുണ്ടായോ ;

(എഫ്) എങ്കിൽ അതിനു കാരണമെന്തു് ;

(ജി) പ്രസ്തുത സ്ഥലംമാറ്റഉത്തരവു് റദ്ദുചെയ്തതു് സംബന്ധിച്ചു് എതെങ്കിലും ആക്ഷേപം ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടോ ;

(എച്ചു്) അതിനെക്കുറിച്ചു് വല്ല അന്വേഷണവും നടത്തിയോ ;

(ഐ) കഴിയുന്നതും വേഗം ഇതേക്കുറിച്ചു് അന്വേഷിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

[*Please see answer to Starred question No.* 832(24)]

(1) ഇടമല സെറ്റിൽമെന്റിൽ താമസിക്കുന്നതിനു വീട്, കൃഷിക്കു ഭൂമിയും മറ്റു സഹായങ്ങളും ഒരു പ്രൊവിഷൻ സ്റ്റോറും (നിർത്തൽ ചെയ്തു) ഒരു ടൈബൽ സ്കൂളും നടപ്പിലാക്കി.

പൈലറ്റ് സ്കീം ചമ്പക്കാട്.

താമസ സൌകര്യം, കൃഷി ചെയ്യുന്നതിനുള്ള സൌകര്യവും കൂടാതെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ഒരു ജി. ആർ. ബി. സ്കൂളും ഒരു ആയുർവ്വേദ ഡിസ്പെൻസറിയും നടപ്പിലാക്കിയിട്ടുണ്ട്.

പൈലറ്റ് സ്കീം കരിയാറുകുട്ടി

താമസസൌകര്യം, കൃഷി ചെയ്യുന്നതിനുള്ള സൌകര്യവും കൂടാതെ ഇറിഗേഷനു വേണ്ട ഒരു ടാംകും, ഡിസ്പെൻസറിയും സ്കൂളും പ്രൊവിഷൻ സ്റ്റോറും നടപ്പിലാക്കിയിട്ടുണ്ട്.

ഇതിൽ ഇടമല സ്കീമിലെ രണ്ട് പാലങ്ങളും കരിയാറുകുട്ടിയിലെ ഒരു പമ്പ് സെറ്റിന്റെ പണിയും പൂർത്തിയായിട്ടില്ല. ഇതു രണ്ടും പി ഡബ്ലിയു. ഡി. ചെയ്തുകൊണ്ടിരിക്കുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

The item-war details of the various schemes taken up and executed under the Pilot scheme Mukkali are given below:

	Rs.	
I. HOUSING:		
Construction of 25 houses for settling 25 tribal families as a colony at Mukkali.	45,900	Completed
II. AGRICULTURE :		
(a) Acquisition of lands for distribution among 25 Tribal families The total extent of land acquired was 128.66 acres.	55,432.27	Acquisition Proceedings completed.
(b) Clearing, levelling, demarcation and soil conservation work.	84,500	This work is held up for want of irrigation facilities.
(c) Supply of cattle to 25 families.	7,500	The scheme was completed by spending Rs. 5987.
(d) Manure including insecticides (the amount provided under this head was subsequently diverted for purchase and supply of chickens and cages for poultry)	1,875	This was completed by spending a sum of Rs. 1/52.91
(e) Purchase and supply of agricultural Implements.	1,874	Implements worth Rs. 1487.61 purchased and distributed.
III. EDUCATION :		
(a) Construction of a school building	19,900	Completed.
(b) Quarters for teachers.	5,570	Do.
(c) Furniture for School.	350	Furniture worth Rs. 478.50 has been purchased and supplied.
(d) Supply of charts, slate, pencils etc. to the school.	50	The articles were purchased spending Rs. 56.25
(e) Sports Materials:	75	The materials were purchased spending an amount of Rs. 75.

LIBRARY ARCHIVES Kerala Legislative Assembly

IV Irrigation	25,000	The scheme was not taken up. The proposal was to acquire a private irrigation sys em belonging to Sri S. Basavayyan Chettiar which was subsequently dropped by the Government.
V. Medical and Public Health,		
a. Dispensary building.	6,880	The work was completed.
b. Purchase and supply of medicine & furniture.	2,120	Medicines and equipment purchased and supplied.
c. The construction of a well (water supply)	4,900	completed.
d. Latrines (3 Nos).	4,500	The construction has been completed.
VI. Community Hall:	10,000	Completed.
VII. Store and Godown.	9,540	Completed.
VIII. Clearing and levelling the site for buildings and forming approach roads.	13,200	Completed
IX. Construction of Hostel.	15,000	Completed.

Almost all the schemes taken up for execution under the Pilot Project scheme were completed. The post of the Special staff sanctioned under the scheme was abolished with effect from 1-6-1961. The Block Development Officer of the Tribal Development Block, Attappady is now in charge of the implementation of the spill over works sanctioned under the scheme. Some of the construction works which were not completed at the time of the expiry of the scheme were being implemented by the Public Works Department and they have spent a sum of Rs. 5,135 during the year 1962–63 towards the works executed by them.

LIBRARY ARCHIVES Kerala Legislative Assembly